**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി.03.10.2023

# "കൈക്കൂലി വാങ്ങവേ റവന്യൂ ഇൻസ്പെക്ടർ വിജിലൻസ് പിടിയിൽ

തിരുവനന്തപുരം: ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന് കൈക്കൂലി വാങ്ങിയ റവന്യൂ ഇൻസ്പെക്ടർ വിജിലൻസ് പിടിയിൽ. തിരുവനന്തപുരം കോർപ്പറേഷൻ ആറ്റിപ്ര സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ അരുൺകുമാറിനെ 2000/- രൂപ കൈക്കൂലി പണവുമായി വിജിലൻസ് അറസ്റ്റ് ചെയ്തു.

ആറ്റിപ്ര കരിമണൽ ഭാഗത്ത് പരാതിക്കാരനും ഭാര്യയും ചേർന്ന് വാങ്ങിയ ഫ്ലാറ്റിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനായി രണ്ടാഴ്ച മുമ്പ് പരാതിക്കാരൻ ആറ്റിപ്ര സോണൽ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് പരിശോധനയ്ക്കായി എത്തിയ റവന്യൂ ഇൻസ്പെക്ടറായ അരുൺകുമാർ പരിശോധന കഴിഞ്ഞ് മടങ്ങുമ്പോൾ നടപടികൾ ത്വരിതഗതിയിലാക്കുന്നതിന് 2000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയും തുകയുമായി ഇന്ന് (03.10.2023) ഓഫീസിൽ എത്തണമെന്ന് ആവശ്യപ്പെടുകയുമായിരുന്നു. തുടർന്ന് പരാതിക്കാരൻ ഈ വിവരം വിജിലൻസ് തിരുവനന്തപുരം യൂണിറ്റ് പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ. വിനോദ് കുമാർ.ആർ-നെ അറിയിക്കുകയും, തുടർന്ന് അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് (03/10/2023) വൈകുന്നേരം 03:30 മണിയോടെ ഓഫീസിൽ വച്ച് പരാതിക്കാരനിൽ നിന്നും 2,000/- രൂപ കൈക്കൂലി വാങ്ങവേ കൈയോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയിൽ നിന്നും കണക്കിൽ പെടാത്ത 7000/- രൂപയും വിജിലൻസ് പിടിച്ചെടുത്തു.

അറസ്റ്റ് ചെയ്ത പ്രതിയെ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി യെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ.അനിൽകുമാർ.എസ്.എൽ, ശ്രീ.സനിൽകുമാർ.റ്റി.എസ്, പോലീസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ.അജിത് കുമാർ.കെ.വി, ശ്രീ.അനിൽ കുമാർ.ബി.എം, ശ്രീ.സഞ്ജയ്, പോലീസ് ഉദ്യോഗസ്ഥരായ ശ്രീ.പ്രമോദ്, അരുൺ, ശ്രീ. ഹാഷിം, , ശ്രീ.അനീഷ്, ശ്രീ.അനൂപ്, ശ്രീ.കിരൺശങ്കർ, ശ്രീ.ജാസിം, ശ്രീ.ആനന്ദ് എന്നിവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിൻറെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി.കെ വിനോദ്കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.